മലയാളി അസോസിയേഷൻ ഓഫ് ദി യുകെ MAUK
Malayalee Association of the UK

ബഹുമാന്യ അംഗങ്ങളെ,

എം എ യൂ കെ യുടെ വാർഷിക പൊതുയോഗം ഈ വരുന്ന സെപ്റ്റംബർ 19നു ഉച്ചകഴിഞ്ഞു 2 മണിക്ക്  ഓൺലൈൻ ആയി നടത്തുവാൻ തീരുമാനിച്ചവിവരം എല്ലാ അംഗങ്ങളെയും അറിയിച്ചുകൊള്ളുന്നു.

എം എ യൂ കെ യുടെ 2020 പ്രവർത്തന റിപ്പോർട്ട് ബോർഡിന് വേണ്ടി വിനയപൂർവം സമർപ്പിക്കുന്നു.

അതിജീവനത്തിന്റെ നാളുകളിലൂടെ കടന്നു പോയ ഒരു വർഷം നമ്മുടെ ജീവിതശൈലിയെ തന്നെ മാറ്റിമറിച് കോവിഡ് എന്ന മഹാവ്യാധി ലോകം മുഴുവൻ കീഴടക്കിയപ്പോൾ , പരിചരണം രോഗിയുടെയും ,ആശ്രിതന്റെയും മാത്രം ബാധ്യത അല്ല, സമൂഹത്തിന്റെയും കൂടി ആണെന്ന് തിരിച്ചറിഞ്  കൊണ്ട് നമ്മുടെ ഉത്തരവാദിത്വം നിർവഹിക്കാൻ കഴിഞ്ഞതിന്റെ ചാരിതാർഥ്യം അംഗങ്ങളും ആയി പങ്കുവക്കുന്നു . രോഗത്തിന് ജാതിയും, മതവും രാഷ്ട്രീയവും ദേശ- ഭാഷ പരിമിതിയും ഇല്ലാത്തതുപോലെ സഹായത്തിനും അതിർവരമ്പുകൾ ഇല്ലാ എന്ന് തെളിയിക്കാൻ എം എ യൂ കെ യ്ക്ക് കഴിഞ്ഞു. മുൻകാലങ്ങളിലെ പോലെ തനതായ രീതിയിൽ തുടങ്ങിയ  പ്രവർത്തനം സാഹചര്യങ്ങൾക്ക് അനുസരിച്,സമൂഹത്തിന്റെ ആവിശ്യം തിരിച്ചറിഞ് പ്രവർത്തിക്കാൻ ബോർഡിന് കഴിഞ്ഞു. കോവിടിന്റെ തുടക്കത്തിൽ അംഗങ്ങളുടെ ആരോഗ്യവും, ആവിശ്യ സാധനങ്ങളുടെ ലഭ്യതയും ഉറപ്പാക്കാൻ ഞങ്ങൾ ഹെല്പ് ലൈൻ തുടങ്ങുകയും പ്രായമായ അംഗങ്ങളുടെ വീടുകളിൽ ആവിശ്യ സാധനങ്ങൾ എത്തിച്ചുകൊടുക്കുകയും, ബുദ്ധിമുട്ടുന്ന മറ്റു പലരെയും ആഹാരം നൽകി സഹായിക്കുകയും ചെയ്തു . അതോടൊപ്പം ആവിശ്യ മുള്ളവർക്കെല്ലാം ലഭ്യമാകുന്ന രീതിയിൽ വിശാലമായി ഫുഡ് ബാങ്കിന്റെ പ്രവർത്തനം തുടങ്ങി. ന്യൂഹാം കൗൺസിലിന്റെ സഹായത്തോടുകൂടി ഇതര കമ്മ്യൂണിറ്റി വിഭാഗങ്ങൾക്കും എം എ യൂ കെ യുടെ സഹായം തുടരുന്നു. നമ്മുടെ ആസ്ഥാനം ന്യൂഹാം കൗൺസിലിന്റെ പ്രധാനപ്പെട്ട ഫുട്ബാങ്ക് ഹബ് ആയി മാറുകയും , കൗൺസിലിന്റെ സഹായം മറ്റു മേഖലകളിൽ ലഭ്യമാക്കാനും കഴിഞ്ഞു .അതോടൊപ്പം കേരളത്തിൽ കോവിട് വ്യാപനം കൂടിയപ്പോൾ മരുന്നും, മെഡിക്കൽ എക്വിപ്മെന്റ്സും ഒറ്റപ്പെട്ട കുടുബങ്ങൾക്കു ആഹാരം നൽകാനും കഴിഞ്ഞു. അശരണരായ കുട്ടികൾക്ക് പഠിക്കാൻ മൊബൈൽ ഫോൺ വാങ്ങി സ്കൂളുകളിൽ എത്തിച്ചു . തണൽ ചാരിറ്റിയുടെ സഹായഹസ്തം 3 കുടുംബങ്ങൾക്ക് സ്വന്തമായി വീട് നിർമിച്ചു നൽകി . സാമൂഹികമായ മാറ്റങ്ങൾക്കു തുടക്കം കുറിച്ചുകൊണ്ട് പ്രവർത്തിക്കുന്നതിനൊപ്പം ,നമ്മുടെ കലാസാംസ്കാരിക പ്രവർത്തനങ്ങളും തുടരാൻ കഴിഞ്ഞതിൽ സന്തോഷിക്കുന്നു. മുടങ്ങിപ്പോയ നമ്മുടെ ആക്ടിവിറ്റീസ്  ഘട്ടം ഘട്ടം മായി തുടങ്ങാൻ കഴിഞ്ഞു. ഈ പ്രവർത്തനങ്ങൽക്കെല്ലാം അകമഴിഞ്ഞ സഹായം നൽകിയ എല്ലാ അംഗങ്ങളോടും വിനീതമായ നന്ദി അറിയിക്കുന്നു . തുടർന്നും സമൂഹത്തിന്റെ നന്മക്ക് ഉപകരിക്കുന്ന പ്രവർത്തനങ്ങൾ തുടരാൻ അംഗങ്ങളുടെ സഹായസഹകരണങ്ങൾ പ്രതീക്ഷിച്ചുകൊണ്ട്

സ്നേഹപൂർവ്വം

വിനീതവിധേയൻ

അനിൽ ഇടവന

സെക്രട്ടറി

Kerala House
671 Romford Road
Manor Park | London E12 5AD
0044 2085 534 667
0044 7412 671 671
info@mauk.org
www.mauk.org
fb.com/mauklondon

Charity Reg. No: 1102653 | Company Reg. No: 4934084